**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2158** **01-09-2022 - ൽ മറുപടിയ്ക്ക്**

**ചികിത്സാ ധനസഹായം അവകാശികൾക്ക് കൈമാറുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചികിത്സാ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് 2016 ൽ എ. ഇ. പൗലോസ്, അരിക്കൽ കുരൻ വീട്, പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട് പി.ഒ. എന്ന വ്യക്തി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അനുവദിച്ച തുക, ചികിത്സയിലിരിക്കെ ടിയാൻ മരണപ്പെട്ടതിനാൽ അവകാശിയായ ഭാര്യ റാണി പൗലോസിന് അനുവദിക്കണമെന്നുള്ള അപേക്ഷ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | ചികിത്സാ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ഇ.പൗലോസ് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ Society for Medical Assistance to poor പദ്ധതിയിൽ ധന സഹായത്തിന് അപേക്ഷ നൽകുകയും ആയത് പരിഗണിച്ച് ടിയാന് തുക അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ മരണപ്പെട്ടതായി അറിയിച്ചതിനാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ Relationship Certificate ആയിരുന്നു ആദ്യം സമർപ്പിച്ചിരുന്നത്. ആയത് തിരിച്ചയച്ച് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു.<br><br>കോവിഡ് മഹാമാരി മൂലം തുടർ നടപടികളിൽ ചെറിയ കാലതാമസം ഉണ്ടായെങ്കിലും അനന്തരാവകാശ സർട്ടിഫിക്കറ്റിന്റേയും മക്കളുടെ സാക്ഷ്യ പത്രത്തിന്റേയും അടിസ്ഥാനത്തിൽ പരേതന്റെ നിയമപരമായ അവകാശിക്ക് തുക അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തുക ക്രെഡിറ്റ് ചെയ്യുവാൻ അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമായിരുന്നില്ല. പദ്ധതിയിൽ DBT system (Direct Beneficiary Transfer) മുഖേനയാണ് തുക ക്രെഡിറ്റ് ചെയ്യുന്നത്. ബാങ്ക് പാസ്സ് ബുക്കിന്റെ മുൻ പേജിന്റെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്കും പദ്ധതിയിൽ തുക ലഭ്യമാകുന്ന മുറയ്ക്കും തുക അനുവദി ക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് അനന്തരാവകാശിയായ മാതാവിന് തുക കൈമാറുന്നതിന് തടസ്സമില്ലെന്ന സ്വന്തം മക്കളുടെ സാക്ഷ്യപത്രം RL 560117915IN നമ്പർ രജിസ്റ്റേഡ് പോസ്റ്റായി 11/03/2020 ന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് അയച്ചു നൽകിയിട്ടും 2016 ൽ | (ബി) | അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകാൻ കാലതാമസം നേരിട്ടതും അവകാശിയുടെ ബാങ്ക് അക്കൗണ്ട് ഇല്ലാതിരുന്നതും പദ്ധതിയിൽ ഫണ്ട് ഇല്ലാത്തതുമാണ് തുക ക്രെഡിറ്റ് ചെയ്യുവാൻ താമസം നേരിടുന്നത്. |

| | | | |
|---|---|---|---|
| | അനുവദിച്ച തുക നാളിതുവരെ കൈമാറാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | | |
| (സി) | അനന്തരാവകാശിയായ റാണി പൗലോസിന് ലഭിക്കേണ്ട തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | അനന്തരാവകാശിയായ റാണി പൗലോസിന് തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടിയാരിയുടെ ബാങ്ക് പാസ് ബുക്കിന്റെ മുൻ പേജിന്റെ പകർപ്പ് ലഭ്യമായാൽ ഈ പദ്ധതിയ്ക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചിട്ടുള്ള തുക അടിയന്തിരമായി ക്രെഡിറ്റ് ചെയ്യുന്നതാണ് |
| (ഡി) | പ്രസ്തുത തുക അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയാണോ എന്ന് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത തുക അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടത് ഉദ്യോഗസ്ഥതലത്തിലെ വീഴ്ച മൂലമല്ല. ആവശ്യമായ ഡോക്യുമെന്റ്സ് യഥാസമയം ലഭ്യമാകാത്തതിനാലും പദ്ധതിയ്ക്ക് ഫണ്ട് നിലവിൽ ലഭ്യമല്ലാത്തതിനാലും ആണ് പ്രസ്തുത വിഷയത്തിൽ കാല താമസമുണ്ടായത്. |

സെക്ഷൻ ഓഫീസർ